"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ്- ബഹു. കേരള ഹൈകോടതി മുൻപാകെ നായർ സർവ്വീസ് സൊസൈറ്റി നൽകിയ WP(C) 29695/2021 നമ്പർ ഹർജിയിന്മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

**സാമൂഹ്യനീതി (ബി) വകുപ്പ്**

G.O.(Rt)No.252/2022/SJD തീയതി,തിരുവനന്തപുരം, 28-11-2022

പരാമർശം:-
1. സ.ഉ (പി) നം. 18/2018/SJD തീയതി 18/11/2018
2. സ.ഉ (അച്ചടി) നം.19/2020/സാ.നീവ തിയതി 25.08.2020.
3. സ.ഉ (കൈ) നം.96/202I/HEDN തിയതി 15.02.2021
4. WP(C) 29695/2021 നമ്പർ Writ petition ന്മേലുള്ള ബഹ . ഹൈ കോടതിയുടെ 03/01/2022-ലെ വിധിന്യായം
5. 09/05/2022-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ SJD/1291/2022/D3 നമ്പർ കത്ത്
6. സ. ഉ (കൈ) നം. 242/2022/HEDN തിയതി 18.05.2022
7. സ. ഉ (കൈ) നം. 111/2022/GEDN തിയതി 25.06.2022
8. സ.ഉ (അച്ചടി) നം.7/2022/സാ.നീ.വ തിയതി 28.10.2022

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ 07.02.1996 മുതൽ 18.04.2017 വരെയുള്ള കാലയളവിൽ 3% ബാക്ക് ലോഗ് നിയമനങ്ങളും 19.04.2017 മുതലുള്ള 4% സംവരണവും ഭിന്നശേഷിക്കാർക്ക് അനുവദിച്ചുകൊണ്ടുള്ള പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിലെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ജി.സുകുമാരൻ നായർ, ജനറൽ സെക്രട്ടറി, നായർ സർവ്വീസ് സൊസൈറ്റി ബഹു. ഹൈ കോടതി മുൻപാകെ WP(C) 29695/2022 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു.

2. പരാമർശം (4)-ലെ ബഹു ഹൈകോടതിയുടെ വിധിന്യായത്തിലെ നിർദേശ പ്രകാരം ഹർജികക്ഷി സമർപ്പിച്ച നിവേദനം (Exhibit. P5) രണ്ടാം എതിർകക്ഷിയായ സാമൂഹ്യ നീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പരിശോധിച്ച് , അപേക്ഷകനെ നേരിൽ കേൾക്കാൻ അവസരം നൽകി, മൂന്നു മാസത്തിനകം തീരുമാനം കൈക്കൊള്ളുവാൻ നിർദേശിച്ചിരിക്കുന്നു.

മേൽ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി അപേക്ഷകരെ 18/04/2022 ന് നേരിൽ കേൾക്കുന്നതിന് അവസരം നൽകിയിരുന്നു. അപേക്ഷകന്റെ പ്രതിനിധിയെ നേരിൽ കേട്ടതിൻ പ്രകാരം ഹർജിയിൽ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ചും അവ വിശദമായി പരിശോധിച്ച് സാമൂഹ്യനീതി വകുപ്പ് നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും സർക്കാർ തലത്തിൽ പരിശോധിക്കേണ്ടിയിരുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

i) G.O(P) No. 18/2018/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്ഥാപനങ്ങളിൽ 07.02.1996 മുതൽ 18.04.2017 വരെയുള്ള കാലയളവിൽ 3% ബാക്ക് ലോഗ് നിയമനങ്ങളും 19.04.2017 മുതലുള്ള 4 % ഭിന്നശേഷി സംവരണവും അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ എയ്ഡഡ് സ്ഥാപനങ്ങളിൽ 3% സംവരണം പ്രകാരമുള്ള ബാക്ക് ലോഗ് നിയമനം നടത്തുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് സർക്കാർ തലത്തിൽ പൊതു നിർദ്ദേശം നൽകുന്നത്. കൂടാതെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 3% ബാക്ക് ലോഗ് നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

ii) 1995-ലെ ആക്ട് പ്രകാരമുള്ള നിയമനത്തിന്റെ നിയമസാധുത നിയമവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി വ്യക്തമായ സ്പഷ്ടീകരണം ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

iii) ഹർജിയിലെ മറ്റ് ആവശ്യങ്ങൾ നിലനിൽക്കത്തക്കതല്ലായെന്നും 2016-ലെ ഭിന്നശേഷി സംവരണ നിയമം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കാനുള്ള ബാധ്യത സംബന്ധിച്ച്.

3. ഹർജിയിൽ ഉന്നയിച്ചിട്ടുള്ള വിഷയങ്ങളിൽ നടന്ന ഹിയറിങ്ങിന്റെ അടിസ്ഥാനത്തിലും പരാമർശം (5) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെയും നിയമവകുപ്പിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും, The Rights of Persons with Disabilities Act 2016 വിവക്ഷിക്കുന്ന 4% ഭിന്നശേഷി സംവരണം എപ്രകാരം നടപ്പിലാക്കണം എന്നത് സംബന്ധിച്ചും, The Persons with Disabilities Act 1995 പ്രകാരമുള്ള 3% ബാക്ക് ലോഗ് നികത്തുന്നത് സംബന്ധിച്ചുമുള്ള വിശദമായ നിർദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും പരാമർശം (3), (6), (7) എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ടി നിർദേശങ്ങൾ പ്രകാരം എയ്ഡഡ് സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടപ്പിലാക്കേണ്ടതായുണ്ട്.

4 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നായർ സർവ്വീസ് സൊസൈറ്റി ബഹു. ഹൈ കോടതി മുൻപാകെ ഫയൽ ചെയ്ത ഹർജിയിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും പരാമർശം (4)- ലെ വിധിന്യായം നടപ്പിലാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ്, എയ്ഡഡ് കോളേജുകളിലെ ഭിന്നശേഷി സംവരണം സംബന്ധിച്ച് പരാമർശം (3), (6) പ്രകാരവും എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ്, പരാമർശം (7) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം The Rights of Persons with Disabilities Act 2016 വിവക്ഷിക്കുന്ന 4% ഭിന്നശേഷി സംവരണം എപ്രകാരം നടപ്പിലാക്കണം എന്നത് സംബന്ധിച്ചും, The Persons with Disabilities Act 1995 പ്രകാരമുള്ള 3% ബാക്ക് ലോഗ് നികത്തുന്നത് സംബന്ധിച്ചുമുള്ള വിശദമായ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ പരാമർശം (3), (6), (7) എന്നീ ഉത്തരവുകൾ പ്രകാരം എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ii) The Persons with Disabilities Act 1995 പ്രകാരമുള്ള നിയമനങ്ങൾക്ക് സാധുത ഉള്ളതിനാൽ 7.2.1996 മുതൽ ബാക്ക് ലോഗ് നിയമനങ്ങൾ അനുവദിക്കേണ്ടതാണ്.

iii) 2016-ലെ ഭിന്നശേഷി സംവരണ നിയമം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കേണ്ടതാണ്.

iv) ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ തസ്തികകൾ സംബന്ധിച്ചതാണ് ഹർജിയിലെ പ്രധാന ആരോപണം. The Persons with Disabilities Act 1995 പ്രകാരം എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ കണ്ടെത്തിയിട്ടില്ലായെന്നും ആയതിനാൽ നിയമനം നടത്തുവാൻ സാധിക്കില്ലായെന്നും ആരോപിക്കുന്നു. എന്നാൽ സർക്കാർ സ്കൂളുകളിലും, കോളേജുകളിലും ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ തസ്തികകളാണ് എയ്ഡഡ് സ്ഥാപനങ്ങളിലും നിലവിലുള്ളത്. അതിനാൽ സർക്കാർ സ്കൂളുകളിലും, കോളേജുകളിലും ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഭിന്നശേഷി സംവരണം അനുവദിക്കാവുന്നതാണ്. കൂടാതെ എയ്ഡഡ് മേഖലയിൽ മാത്രമായി ഏതെങ്കിലും തസ്തികകൾ നിലവിലുണ്ടെങ്കിലും ആയതിൽ ഭിന്നശേഷി സംവരണം അനുവദിക്കുന്നതിനായി അനുയോജ്യമായി കണ്ടെത്തുന്നതിനായി എക്സ്പെർട്ട് കമ്മിറ്റി മുൻപാകെ ശുപാർശ സമർപ്പിക്കുവാനാവശ്യമായ നടപടികൾ നിയമനാധികാരികളും വകുപ്പ് മേധാവികളും സ്വീകരിക്കേണ്ടതാണ്.

v) നിലവിൽ പരാമർശം (2) ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമെന്ന് കണ്ടെത്തിയ 49 കോമൺ കാറ്റഗറി തസ്തികകൾക്കും പരാമർശം (8) ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ 654 തസ്തികകൾക്കും 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ സേവനത്തിൽ നിലവിൽ 3% സംവരണം The Persons with Disabilities Act 1995 പ്രകാരം കണ്ടെത്തിയ തസ്തികകളിൽ പി എസ് സി

മുഖേന നടത്തി വരുന്നുണ്ട്. The Rights of Persons with Disabilities Act 2016 നിലവിൽ വന്ന 19.04.2017 മുതൽ 4% ഭിന്നശേഷി സംവരണത്തിലെ ബാക്ക് ലോഗ് അനുവദിക്കുന്ന വിഷയത്തിൽ എയ്ഡഡ് സ്ഥാപനങ്ങൾക്കും പരാമർശം (3), (6), (7) ഉത്തരവുകൾ ബാധകമാക്കേണ്ടതും , The Rights of Persons with Disabilities Act 2016 പ്രകാരം 4% സംവരണം അനുവദിക്കേണ്ടതും, ആയത് വരെ 3% സംവരണം തുടരേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA S
JOINT SECRETARY

പകർപ്പ്-

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം
3. സംസ്ഥാന ഭിന്നശേഷികാർക്കായുള്ള കമ്മീഷണർ, ശാസ്തമംഗലം, തിരുവനന്തപുരം
4. ജനറൽ സെക്രട്ടറി, നായർ സർവീസ് സൊസൈറ്റി, NSS HO, പെരുന്ന, ചങ്ങനാശ്ശേരി, കോട്ടയം 686101
5. ഉന്നത വിദ്യാഭ്യാസ വകുപ്പ്
6. പൊതുവിദ്യാഭ്യാസ വകുപ്പ്
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്) കേരളം, തിരുവനന്തപുരം
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് ആൻഡ് ന്യൂ മീഡിയ)
9. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്